**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3865** **06-08-2021 - ൽ മറുപടിയ്ക്ക്**

**നായാടൻ പുഴയുടെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റ്റി.പി .രാമകൃഷ്ണൻ** | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കീഴരിയൂർ പഞ്ചായത്തിലും കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലും കൂടി കടന്ന് പോകുന്ന നായാടൻ പുഴയുടെ ഒഴുക്കിനെ തടസ്സപ്പെടുത്തിയാണ് കുറ്റ്യാടി ഇറിഗേഷൻ കനാൽ കടന്ന് പോകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പുഴയുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ടത് പ്രദേശത്തെ ആവാസ വ്യവസ്ഥയ്ക്ക് മാറ്റമുണ്ടാക്കിയെന്നുള്ളത് ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പുഴയുടെ സുഗമമായ നീരൊഴുക്കിന് ആവശ്യമായ പൈപ്പുകൾ സ്ഥാപിച്ചുകൊണ്ടാണ് മുൻകാലത്ത് കുറ്റ്യാടി ഇറിഗേഷൻ കനാൽ നിർമ്മിച്ചിട്ടുള്ളത്. എന്നാൽ കാലക്രമേണ ഈ പൈപ്പുകൾ അടഞ്ഞതു കാരണം പുഴയുടെ സ്വാഭാവിക ഒഴുക്കിൽ തടസ്സം നേരിട്ടിട്ടുണ്ട്. ഇത് ഈ പ്രദേശത്തെ ആവാസ വ്യവസ്ഥയ്ക്ക് മാറ്റമുണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പുഴയെ പുനരുജ്ജീവിപ്പിക്കുന്നതിന് വേണ്ടി പുഴ കടന്നുപോകുന്ന സ്ഥലത്ത് സോക്സ് കൺവെർട്ട് നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | പ്രസ്തുത സ്ഥലത്ത് ബോക്സ് കൾവർട്ട് സ്ഥാപിച്ചാൽ സ്വാഭാവികമായ നീരൊഴുക്ക് പുന:സ്ഥാപിക്കാൻ സാധിക്കും. ഏകദേശം 150 ലക്ഷം രൂപ ചെലവ് വരുന്ന മേൽ പ്രവൃത്തിക്ക് ആവശ്യമാവുന്ന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ